# DETECTIVE SIVASHANKAR PERUMAL

SERIES



അൻവർ അബ്ദുള്ള

ഗോവയിൽനിന്ന് പ്രാണരക്ഷാർത്ഥം രക്ഷപ്പെട്ട്
നാട്ടിലെത്തി, യാദൃച്ഛികമായി സൂപ്പർതാരമാകുന്ന ലീല.
അവളിലെ നടിയെ കണ്ടെത്തുന്ന സംവിധായകൻ ഫ്രെഡ്ഡി.
ഭൂതകാലത്തിൽ ഉപേക്ഷിച്ച പലതും വീണ്ടും
വിലങ്ങുതടിയാകുമ്പോൾ അതിനെ പാടേ
പിഴുതുകളയുക എന്നതു മാത്രമേ പരിഹാരമുള്ളൂ.

ഫ്രെഡ്ഡിയുടെ ഏറ്റവും മികച്ച
തിരക്കഥയിൽ ലീല എക്കാലത്തെയും മികച്ച
അഭിനയപ്രകടനം കാഴ്ചവെക്കാൻ തീരുമാനിക്കുന്നു.

അവിചാരിതമായുണ്ടാകുന്ന സന്ദർഭങ്ങൾ പുതിയ
കഥാഗതികളിലേക്ക് തിരിയുമ്പോൾ കഥയിലെ കഥ
കണ്ടെത്താൻ അദ്ദേഹം രംഗപ്രവേശം ചെയ്യുന്നു,
ഡിറ്റക്ടീവ് ശിവശങ്കർ പെരുമാൾ.

മാതൃഭൂമി ബുക്സ്

Malayalam / Novel
Author's Photo: Biju K. Vijayan
Cover Design: Arun Gokul

mbibooks.com • 2023
The Mathrubhumi Printing & Publishing Co. Ltd. Kozhikode

Fiction

₹ 330

മരണത്തിന്റെ തിരക്കഥ • അൻവർ അബ്ദുള്ള

മാതൃഭൂമി

# മരണത്തിന്റെ തിരക്കഥ

## അൻവർ അബ്ദുള്ള

മരണത്തിന്റെ തിരക്കഥ
Malayalam | Novel
MARANATHINTE THIRAKKATHA
Author | Anvar Abdullah

First Edition | 2006
First Mathrubhumi Edition | July 2023

ISBN:978-93-5549-894-6
₹ 330

Printing at Mathrubhumi Press
Kozhikode, Kerala, India - 673 633

© Rights Reserved.
No part of this work may be reproduced or utilized in any form or by any means without the prior written permission of the publisher.

മാതൃഭൂമി
ബുക്സ്

**Mathrubhumi Books**
Mathrubhumi
Ramanattukara, Kozhikode - 673 633. Tel: 0495 2362000
e–mail: mbibooks@mpp.co.in, website: www.mbibooks.com

*Sales Centres*
Kozhikode, Kochi, Thiruvananthapuram, Thrissur, Kannur, Kottayam, Thiruvalla
Malappuram, Kollam, Palakkad, Kalpetta, Alappuzha, Nedumbasseri Airport
Ernakulam North, Shoranur, Aluva (Rly Stations), Kanhangad

**The Mathrubhumi Printing & Publishing Co. Ltd.**
K.P. Kesavamenon Road, Kozhikode, Keralam, India.

**PUBLISHERS OF**
Mathrubhumi Daily • Mathrubhumi Illustrated Weekly • Grihalakshmi • ArogyaMasika • SportsMasika
ThozhilVartha • Balabhumi • Yathra • Minnaminni • Mathrubhumi Chithrakatha • Mathrubhumi Star & Style

**MATHRUBHUMI DAILY IS PUBLISHED FROM**
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam • Malappuram
Kollam • Palakkad • Alappuzha • Mumbai • Chennai • Bengaluru • Delhi • Dubai

**REGISTERED OFFICE**
Mathrubhumi Buildings, K P Kesava Menon Road, Kozhikode 673 001

**www.mathrubhumi.com**

324/2023/mb.6614/jc/bp/mb/a

# 1

ഹാപ്പയിൽനിന്ന് തിരുവനന്തപുരം വരെ പോകുന്ന ഹാപ്പ എക്സ്പ്രസ് മഡ്ഗാവ് സ്റ്റേഷനിൽനിന്ന് ഒരിക്കൽക്കൂടി ചൂളം കുത്തി. ഇരുട്ടിന്റെ പുതപ്പിൽ പ്ലാറ്റ്ഫോം വെളിച്ചങ്ങൾ സൃഷ്ടിച്ച നിഴൽവെളിച്ചങ്ങൾക്കിടയിലൂടെ അവസാനത്തെ യാത്രികനും വണ്ടിക്കുള്ളിൽ കടന്നുപറ്റി. വണ്ടി പുറപ്പെടുകയായി എന്ന അന്തിമ അറിയിപ്പും ബഹുഭാഷകളിൽ മുഴങ്ങി.

ഉരുക്കുപാളങ്ങളിൽ നേർത്ത തീപ്പൊരി ചിന്നിച്ചുകൊണ്ട് ഉരുക്കുചക്രങ്ങൾ ഞരങ്ങിയുണർന്നു. ഭീമാകാരമായ ആ യന്ത്രക്കുതിര അതിന്റെ ദീർഘസഞ്ചാരത്തിന്റെ ഇടവേള അവസാനിപ്പിച്ച് മഡ്ഗാവ് സ്റ്റേഷനിൽനിന്ന് ചലിച്ചുതുടങ്ങി. റെയിൽവേ ഗാർഡ് നീട്ടിയ പച്ചറാന്തൽവിളക്ക് അതിന് അനുമതിയേകി. ഇരുട്ടിന്റെ മഹാഗുഹയിലേക്ക് നെറ്റിക്കണ്ണിന്റെ ഉജ്ജ്വലപ്രകാശപ്രസരത്തോടെ ആ കൂറ്റൻ തീവണ്ടി പ്രവേശിച്ചുതുടങ്ങി.

ഹാപ്പ എക്സ്പ്രസ്സിന്റെ ചക്രങ്ങൾ പാളത്തിൽ ആദ്യഞരക്കം മുഴക്കിയ അതേ നിമിഷത്തിലാണ്, മഡ്ഗാവ് സ്റ്റേഷന്റെ, അനേകം റെയിൽലൈനുകൾക്കു മുകളിലൂടെ നീളുന്ന നീണ്ട ഫൂട് ഓവർബ്രിജ്ജിന്റെ അങ്ങേത്തലയ്ക്കൽ യാത്രികരുടെ ആ വിവശസംഘം പ്രത്യക്ഷപ്പെട്ടത്. വണ്ടിയുടെ അവസാനചൂളവും ആദ്യഞരക്കങ്ങളും അവരെ വല്ലാതെ വേവലാതിപ്പെടുത്തിയിരുന്നുവെന്ന് സ്പഷ്ടം. ഏതാനും കൊച്ചുഭാണ്ഡങ്ങളിലൊതുങ്ങുന്ന യാത്രാസാമഗ്രികളുമായി പ്രാണരക്ഷാർഥമെന്നോണം അവർ ഓടുകയായിരുന്നു. അവരുടെ കാലടികളുടെ ജീവഭയം നിറഞ്ഞതും ധൃതഗതിയിലുള്ളതുമായ വിന്യാസശബ്ദങ്ങൾ ഓവർബ്രിജ്ജിന്റെ പൊള്ളയായ പ്രതലത്തിൽ ഇടികുടുക്കംപോലെ മുഴങ്ങി.

–ഡോണ്ട് ഗോ... ഡോണ്ട് ഗോ... പ്ലീസ്... വീ ഹാവ് റ്റു കം... പ്ലീസ്... പ്ലീസ്.. ഹെൽപ് അസ്... പ്ലീസ് സ്റ്റോപ് ദ ട്രെയിൻ...

ഓടിവന്നുകൊണ്ടിരുന്ന ആ സംഘത്തിലെ നേതാവെന്നു തോന്നിച്ചയാൾ വിളിച്ചുകൂവിക്കൊണ്ടിരുന്നു. തീവണ്ടിയുടെ മഹാഹുങ്കാരത്തിനിടയിൽ തന്റെ ദുർബലമായ ഒച്ച ആരെങ്കിലും കേൾക്കുമോ എന്ന് ആ മധ്യവയസ്കന് സ്വയം തന്നേ സംശയം തോന്നിക്കാണണം. അയാൾ മറ്റുള്ളവരെക്കൂടി പ്രോത്സാഹിപ്പിച്ചു. അതിന്റെ ഫലമെന്നോണം, കുട്ടനിലവിളിപോലെയുള്ള അഭ്യർഥന